**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് കോർപ്പറേഷൻ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മെഡിക്കൽ കോളേജ് 2.1 MLD പ്ലാൻറ് 05/10/2023 നും 1 MLD പ്ലാൻറ് 27/02/2024 നും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സരോവരം 27 MLD STP പ്ലാന്റിന് 08/01/2024 ൽ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ സാങ്കേതിക അനുമതിക്കുള്ള നടപടികൾ KWA യുടെ കീഴിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. സോൺ A പാക്കേജ് A (7 MLD) സോൺ A പാക്കേജ് B (6 MLD) എന്നിവ അമൃത് 1.0 പദ്ധതിയിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും പൊതുജന പ്രതിഷേധവും, കോടതി കേസ് മൂലവും കൂടാതെ സൈറ്റിന്റെ അവസ്ഥയുമായി DPR ലുള്ള ചെറിയ മാറ്റങ്ങളും കാരണം വർക്ക് ആരംഭിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ടി പദ്ധതി 23/01/2023 ലെ SHPSC യിൽ അമൃത് 1.0 യിൽ നിന്നും ഒഴിവാക്കി അമൃത് 2.0 യിൽ ഉൾപെടുത്തിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തികൾ അമൃത് 2.0 ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി SLTC യിൽ സമർപ്പിച്ചെങ്കിലും ഹൗസ് കണക്ഷൻ കോസ്റ്റ് കൂടുതലായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് SLTC നിർദേശിച്ചിരുന്നു. നിർദേശം അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ് |
| (ബി) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതിന്റെ മറവിൽ ശുചിമുറി മാലിന്യം ഉൾപ്പെടെ, മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഉണ്ടെങ്കിൽ അത്തരം വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത്; | (സി) | 2024 ലെ കേരള മുൻസിപ്പാലിറ്റി ഭേദഗതി നിയമം സെക്ഷൻ 340 (B), 2024 ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമം 219(U) എന്നിവ പ്രകാരം |

| | | | |
|---|---|---|---|
| | | | വാഹനം പിടിച്ചെടുക്കുന്നതിനും RDO മുൻപാകെ ഹാജരാക്കി പിഴ ഉൾപ്പടെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന വാഹനങ്ങളുടെ ഉടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന വാഹന ഉടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിയമ ഭേദഗതിയിലൂടെ വ്യവസ്ഥ ചെയ്തിട്ടുണ്ട് . 2024 ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി) നിയമം സെക്ഷൻ 340 എ, ബി, 2024 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 219 എസ്, യു എന്നിവ പ്രകാരം നിയമം കൂടുതൽ ശക്തമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ